

സെപ്റ്റംബർ 2023

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക് പുതിയ എപ്പിസ്കോപ്പമാരായി ദിവ്യശ്രീമാന്മാരായ സജു സി. പാപ്പച്ചൻ, ഡോ. ജോസഫ് ഡാനിയേൽ, മാത്യു കെ. ചാണ്ടി എന്നീ കശ്ശീശന്മാരെ സഭാ പ്രതിനിധി മണ്ഡലം തെരഞ്ഞെടുക്കുവാൻ സാധിച്ചു എന്നതിൽ സന്തോഷിക്കുന്നു. ദൈവത്തെ സ്തുതിക്കുന്നു. സഭയുടെ ആവശ്യം തിരിച്ചറിഞ്ഞ് കാലോചിതമായ തീരുമാനം കൈക്കൊണ്ട മണ്ഡലാംഗങ്ങളോടും ആത്മാർത്ഥമായി പ്രാർത്ഥിച്ച എല്ലാവരോടുമുള്ള നന്ദി സഭയുടെ പേരിൽ അറിയിക്കുന്നു.

ചന്ദ്രയാൻ–3 ദൗത്യ വിജയം ഭാരതത്തിന് അഭിമാനകരവും ഐതിഹാസിക വിജയവുമാണ്. വിജയത്തിന് പിന്നിൽ പ്രവർത്തിച്ച ഭാരത സർക്കാരിനെയും ഐ. എസ്. ആർ. ഒ. പ്രവർത്തകരെയും വിശേഷാൽ അഭിനന്ദിക്കുന്നു. ചന്ദ്രനിൽ ഇറങ്ങുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ മാറി. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ ഇറങ്ങുന്ന ആദ്യ രാജ്യമായും ഇന്ത്യ ലോക ചരിത്രത്തിൽ ഇടം നേടി. നമുക്കേറെ അകലെയുള്ള ചന്ദ്രനെ തൊട്ടറിയുവാനുള്ള ഇന്ത്യയുടെ ആഗ്രഹ പൂർത്തീകരണമാണ് ചന്ദ്രയാൻ–3 ദൗത്യത്തിലൂടെ സഫലമായത്. രാജ്യത്തിന്റെ ആഹ്ലാദത്തിൽ പങ്കുചേരുന്നു. ബഹിരാകാശ പര്യവേക്ഷണത്തിൽ ഒരു പടികൂടി നാം കടന്നിരിക്കുന്നു. ദൂരെയുള്ളതിനെ എത്തിപ്പിടിക്കുന്ന അതേ ആത്മാവിൽ അടുത്തുള്ളവരെയും ചേർത്ത് നിർത്തുവാൻ നമുക്ക് കഴിയണം. ദൈവരാജ്യത്തിന്റെ ഏറെ ശ്രമകരമായ ദൗത്യം ഇതത്രെ. അനേകർ പരാജയപ്പെട്ടു പോകുന്നതും ഈ ദൗത്യത്തിലാണ്.

ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ പതിനഞ്ചാമതു അസംബ്ലി കോട്ടയം ജെറുശലേം മാർത്തോമ്മാ പള്ളിയുടെ അങ്കണത്തിൽ നടക്കുന്നു. സെപ്തംബർ 28 മുതൽ ഒക്ടോബർ 3 വരെ നടക്കുന്ന അസംബ്ലിയുടെ പ്രധാന ചിന്താവിഷയമായി തെരഞ്ഞെടുത്തിരിക്കുന്നത് 'ദൈവമേ, അവിടുത്തെ ആത്മാവിൽ ഞങ്ങളെ പുതുക്കേണമേ, സൃഷ്ടിയെ പുനഃസ്ഥാപിക്കേണമേ' എന്ന ഒരു പ്രാർത്ഥനയാണ്. മനുഷ്യനോടും, മൃഗങ്ങളോടും, സസ്യങ്ങളോടും ഭൂമിയിലെ സർവ്വ ചരാചരങ്ങളോടും ഉള്ള ദൈവത്തിന്റെ മനസ്സലിവിന്റെയും കരുതലിന്റെയും സമ്പന്നമായ ചിത്രം വേദപുസ്തകം വരച്ചുകാട്ടുന്നു. താളം തെറ്റുന്ന പ്രകൃതിയും നില തെറ്റുന്ന മനുഷ്യരും ഭൂമിയെന്ന ഗ്രഹത്തിന്റെ നിലനില്പിനെ തന്നെ പ്രതിസന്ധിയിലാക്കുന്നു. ഇവിടെ പശ്ചാത്താപമനസ്സോടെ എല്ലാം പുതുതാക്കുന്ന ദൈവത്തിലുള്ള പ്രത്യാശയിൽ ഒരു പുനസ്ഥാപനത്തെ സ്വപ്നം കണ്ട് പ്രവർത്തിക്കുന്നവരായി നമുക്ക് മാറാം. സി.സി.എ. അംഗ സഭകളായ കേരളത്തിലെ മറ്റ് ക്രൈസ്തവ സഭകളോടൊപ്പം മാർത്തോമ്മാ സഭയും പ്രസ്തുത അസംബ്ലിയുടെ ആതിഥേയരാണ്.

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പ്രത്യേക താല്പര്യപ്രകാരം 1985 ൽ നിരണം– മാരാമൺ ഭദ്രാസനം ആരംഭിച്ച ഒറീസ്സായിലെ ഖരിയാർ റോഡ് മിഷൻഫീൽഡ് 2023 ആഗസ്റ്റിൽ സന്ദർശിക്കുവാൻ ഭദ്രാസനത്തിലെ 14 അംഗ സംഘത്തോടൊപ്പം എനിക്കും ഇടയായി. ഇപ്പോൾ അവിടെ തദ്ദേശീയരായ ആളുകളുടെ ഇടയിൽ 2 മിഷനറി അച്ചന്മാരും 7 സുവിശേഷകരും പ്രവർത്തിക്കുന്നു. മിഷൻ സെന്ററിലേതുൾപ്പെടെ 68 ഗ്രാമങ്ങളിലായി ക്രമമായി വിശ്വാസികൾ ചേർന്ന് വരികയും ആരാധനകൾ നടത്തുകയും ചെയ്യുന്നു. മിഷൻ ക്യാമ്പസിൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ ഭദ്രാസന സേവികാസംഘത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നു. ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ ഭദ്രാസന യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടത്താൻ ശ്രമിച്ച് വരുന്നു. മിഷൻ ഫീൽഡുകളിൽ പുതുതായി സ്ഥലങ്ങൾ വാങ്ങി ആരാധനാലയങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. 5 ചാപ്പലുകൾ, 58 വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്ന 2 ഹോസ്റ്റലുകൾ എന്നിവ ഈ മിഷൻ ഫീൽഡിന്റെ സവിശേഷതകളാണ്. മിഷൻ ക്യാമ്പസിൽ പുതിയ ചാപ്പൽ, കമ്മ്യൂണിറ്റി ഹാൾ, ചുറ്റുമതിൽ എന്നിവ ഉണ്ടാകേണ്ടിയിരിക്കുന്നു. ഛത്തീസ്ഘട്ടിലെ കോമാഖിൽ 102 വിദ്യാർത്ഥികൾ പഠിക്കുന്ന 'ഗുരുകുൽ വിദ്യാപീഠ്' സ്കൂൾ ഇപ്പോൾ തദ്ദേശീയരുടെ 3 വീടുകളിലായി വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. ഭദ്രാസനത്തിന് സ്വന്തമായുള്ള രണ്ടേക്കർ വസ്തുവിൽ ഗുരുകുൽ വിദ്യാപീഠത്തിന് വേണ്ടി ഒരു പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കുവാനുള്ള ശിലാസ്ഥാപനം നടത്തുവാൻ സ്വാതന്ത്ര്യ ദിനത്തിൽ സാധിച്ചു. ഒറീസ്സാ, ഛത്തീസ്ഘട്ട് എന്നിവിടങ്ങളിലുള്ള മിഷൻഫീൽഡുകളെ ഓർത്ത് പ്രാർത്ഥിക്കുകയും കഴിവതും സാമ്പത്തിക സഹായം നല്കി മിഷൻ പ്രവർത്തനങ്ങളെ ബലപ്പെടുത്തുകയും ചെയ്യണം. മണിപ്പൂരിൽ മാസങ്ങളായി തുടരുന്ന വംശഹത്യയുടെയും

കലാപത്തിന്റെയും മുറിവുണക്കാനും നിയമവാഴ്ച പുനഃസ്ഥാപിക്കാനും കേസന്വേഷണത്തിന്റെ കടിഞ്ഞാൺ സുപ്രീം കോടതി ഏറ്റെടുത്തത് സ്വാഗതാർഹമാണ്. മനുഷ്യത്വപരമായ പ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ വനിത ജഡ്ജിമാരുടെ മൂന്നംഗ സംഘത്തെ നിയോഗിച്ചു. കൂടാതെ വനിതകൾക്കെതിരായ ലൈംഗികാതിക്രമം സംബന്ധിച്ച അന്വേഷണം സി.ബി.ഐ.യുടെ മേൽനോട്ടത്തിലാണ്. ഇവ അന്വേഷണ സംഘങ്ങളുടെ നിഷ്പക്ഷത ഉറപ്പാക്കുവാനുള്ള മാറ്റങ്ങളായി കാണാം. നിയമ സംവിധാനം പുനഃസ്ഥാപിക്കാനും ജനങ്ങളുടെ ആത്മവിശ്വാസം വീണ്ടെടുക്കാനുമുള്ള നടപടികൾ എത്രയും വേഗം സാധ്യമാകട്ടെയെന്ന് പ്രാർത്ഥിക്കാം.

മലങ്കര ഓർത്തഡോക്സ് സഭ സീനിയർ മെത്രാപ്പോലീത്താ അഭിവന്ദ്യ സഖറിയ മാർ അന്തോണിയോസ് തിരുമേനി കാലം ചെയ്തു. ഓർത്തഡോക്സ് സഭയുടെ കൊച്ചി, കൊല്ലം ഭദ്രാസനങ്ങളുടെ അദ്ധ്യക്ഷനായി ചുമതല നിർവ്വഹിച്ചു. നിഷ്ഠയുള്ളതും, ലാളിത്യം നിറഞ്ഞതുമായ ജീവിതത്തിലൂടെ ആദരം നേടിയ ഇടയശ്രേഷ്ഠനായിരുന്നു മാർ അന്തോണിയോസ് പിതാവ്. അഭിവന്ദ്യ തിരുമേനിയുടെ ദേഹ വിയോഗത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ദുഃഖത്തിൽ പങ്ക് ചേരുകയും മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. മാർത്തോമ്മാ സഭയിലെ സീനിയർ വൈദികനും അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പൊലീത്തായുടെ ജ്യേഷ്ഠസഹോദരനുമായ ദിവ്യശ്രീ ഇ.ജെ. ജോർജ്ജ് കശ്ശീശാ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അച്ചന്റെ വ്യക്തി ബന്ധങ്ങൾ, നിലപാടുകളിലെ മൂല്യബോധം, സുവിശേഷ തീക്ഷ്ണത, മാതൃകാപരമായ ജീവിത ശൈലി എന്നിവ എടുത്ത് പറയത്തക്കതാണ്. സഭയിലൂടെ സാധ്യമായ അച്ചന്റെ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.നമ്മുടെ സഭയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററായി ദീർഘകാലം സേവനം അനുഷ്ഠിക്കുകയും സഭയുടെ സാമ്പത്തിക കാര്യങ്ങളിൽ ദീർഘവീക്ഷണത്തോടുകൂടിയ വിദഗ്ദോപദേശം നല്കുകയും ചെയ്ത ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ. കെ. ഐ ജോൺ നിര്യാതനായി. സഭാ കൗൺസിൽ അംഗമായും ദീർഘകാലം മണ്ഡലാംഗമായും പ്രവർത്തിച്ച കൊടുമൺ ചെറുകര ശ്രീ. സി. എസ്. കോശി നിര്യാതനായി. ഈ പ്രിയപ്പെട്ടവരുടെ വേർപാടിൽ സഭയുടെ അനുശോചനം അറിയിക്കുന്നു.

സെപ്റ്റംബർ മാസത്തേക്ക് നിശ്ചയിച്ചിട്ടുള്ള വേദഭാഗങ്ങളും ചിന്താവിഷയങ്ങളും സഭയുടെ തലമുറകളുടെ സമഗ്രതയും പാരസ്പര്യവും വ്യക്തമാക്കുന്നതും ഉത്തരവാദിത്വങ്ങൾ ഓർമ്മപ്പെടുത്തുന്നവയുമാണ്. സെപ്റ്റംബർ മൂന്ന് ഞായറാഴ്ച സഭ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നു. വിദ്യാഭ്യാസ രംഗത്തുള്ള സഭയുടെ ഉൾച്ചേരലുകൾ ഓർത്തു പ്രാർത്ഥിക്കുന്നതിനും സമർപ്പണം പുതുക്കുന്നതിനും ഈ ദിനാചരണം സഹായകരം ആകണം. വിദ്യാഭ്യാസത്തിന് ആത്മിക അടിത്തറ ഉണ്ടാകണം എന്നു ഇന്നത്തെ വായനകൾ സൂചിപ്പിക്കുന്നു. 'കരുതലിന്റെ വിദ്യാഭ്യാസം' എന്നതാണ് ചിന്താവിഷയം. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് ദൈവബന്ധത്തിൽ മാത്രമേ ജീവിത സാഫല്യം ഉണ്ടാവുകയുള്ളൂ. എത്യോപ്യാ രാജ്ഞിയുടെ മഹാനായ ഷണ്ഡനു ഫിലിപ്പോസ് പൊരുൾ തിരിച്ചുനൽകിയതുപോലെ ജീവിതത്തിന്റെ പൊരുൾ കണ്ടെത്തുന്ന പ്രക്രിയയായി വിദ്യാഭ്യാസം തീരുമ്പോൾ മാത്രമേ കരുതുവാൻ പഠിക്കുന്ന പരിശീലനം ആയി വിദ്യാഭ്യാസം തീരുകയുള്ളൂ. കരുതൽ ആണ് സ്വർഗീയ നിക്ഷേപം ആയി തീരുന്നത്. തലമുറകളുടെ സമഗ്ര വളർച്ചയാണ് വിദ്യാഭ്യാസ ലക്ഷ്യം.

സെപ്റ്റംബർ പത്ത് ഞായറാഴ്ച സേവികാസംഘ ദിനമായി ആചരിക്കുകയാണ്. 'സ്ത്രീകൾ ക്രിസ്തുവിന്റെ അപ്പോസ്തലർ' എന്നതാണ് ധ്യാനവിഷയം. സ്ത്രീകൾക്ക് ദൈവരാജ്യ ശുശ്രൂഷയിൽ വലിയ പങ്കും അവകാശവും ആണ് യേശുകർത്താവും ശ്ലീഹന്മാരും നൽകിയത്. ലുദിയ, ഫേബാ, പ്രിസ്സില്ല, മറിയ തുടങ്ങിയവരെപ്പോലെ ദൈവത്തിനു വേണ്ടി ഹൃദയവും ഭവനവും തുറന്നു കൊടുത്ത വനിതകൾ നിരവധിയാണ്. കർത്താവുമായി തങ്ങൾക്കുള്ള അനുഭവങ്ങളെ പങ്കു വയ്ക്കുന്ന അപ്പോസ്തലരാകുവാൻ ഇന്നും കർത്താവ് വനിതകളെ ക്ഷണിക്കുന്നുണ്ട്. കർത്താവിന്റെ മനോഭാവത്തോടെ നമ്മുടെ സഭ സ്ത്രീകളെ പരിഗണിക്കേണ്ടത് സഭയുടെയും സമൂഹത്തിന്റെയും സമഗ്രതയ്ക്ക് ആവശ്യമാണ്.

സെപ്റ്റംബർ പതിനേഴു ഞായറാഴ്ച മുതിർന്ന പൗരന്മാർക്കു വേണ്ടി വേർതിരിക്കപ്പെട്ട ദിവസമാണ്. 'വിശ്വാസവും അനുഭവവും സമന്വയിക്കുന്ന വാർദ്ധക്യം' എന്നതാണ് ചിന്താവിഷയം. ആധുനിക ചികിത്സാ രീതികൾ കൊണ്ടും ആരോഗ്യ പരിരക്ഷാ മാർഗങ്ങൾ കാരണവും ആയുർ ദൈർഘ്യം താരതമ്യേന ഈ കാലത്ത് വർദ്ധിച്ചുവെന്നത് സന്തോഷകരമാണ്. തലമുറകളെ അനുഗ്രഹിക്കാനുള്ള ജീവിതപക്വത പ്രാപിച്ചവർ തങ്ങളുടെ മാതൃകകളിലൂടെ ഇളം തലമുറയെ പ്രോത്സാഹിപ്പിക്കണം. യഹോവയ്ക്കായി കാത്തിരുന്നു ശക്തിയെ പുതുക്കുന്ന മുതിർന്ന തലമുറ വ്യത്യസ്തമായ ശക്തിയുടെ പ്രദർശനങ്ങൾ തന്നെയാണ്. ക്ഷയിച്ചു പോകാത്ത ഈ ആത്മിക ശക്തിയാണ് ശിമയോനും ഹന്നായും പ്രകടമാക്കിയത്. മുതിർന്ന തലമുറയെ ബഹുമാനിച്ച്, ആദരിക്കുന്ന നല്ല സംസ്കാരത്തിന് ഈ ദിനാചാരണം പ്രയോജനപ്പെടട്ടെ.

സെപ്റ്റംബർ ഇരുപത്തിനാലു ഞായറാഴ്ച 'കർത്താവിന്റെ മഹത്വ പ്രത്യക്ഷത' എന്ന ചിന്താവിഷയമാണ് ധ്യാനിക്കുക. ക്രൈസ്തവ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നാണ് കർത്താവിന്റെ മഹത്വ പ്രത്യക്ഷത. കർത്താവിലൂടെ വീണ്ടെടുപ്പ് അനുഭവിച്ച ദൈവമക്കൾ, ഈ ലോകത്തിൽ രക്ഷയുടെ സാക്ഷികൾ ആയി ജീവിക്കേണ്ടതുണ്ട്. വ്യക്തമായും ദൈവരാജ്യ മൂല്യങ്ങളിൽ അടിസ്ഥാനപ്പെട്ട് അവർ ജീവിക്കണം. വിശ്വസ്തതയോടെ അങ്ങനെ ജീവിക്കുന്നവർക്കു വലിയ പ്രതിഫലം ലഭിക്കുമെന്ന് വിശുദ്ധ ഏവൻഗേലിയോൻ ഓർമിപ്പിക്കുന്നു. ദൈവീക വിജയത്തിന്റെ ബോധ്യത്തോടെ ഉൾചേർന്നു പ്രവർത്തിക്കുവാനാണ് മഹത്വ പ്രത്യക്ഷത നമ്മെ വെല്ലുവിളിക്കുന്നത്. ആദിമസഭ പ്രാർത്ഥിച്ച അതേ തീക്ഷ്ണതയോടെ, 'ആമേൻ കർത്താവേ വേഗം വരണമേ' എന്നു നമുക്കും പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
31.08.2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**